52386/2022

**വനിത ശിശുവികസന ഡയറക്ടറുടെ** നടപടിക്രമങ്ങൾ

(ഹാജർ : പ്രിയങ്ക. G, IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് –പിണറായി അപ്പെക്സ് ട്രെയിനിംഗ് സെന്റർ- മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്- സർവേ നടത്തിയതിനുള്ള ഫീസ് അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

പരാമർശം:

1. ഈ കാര്യാലയത്തിൽ നിന്ന് 20.10.2021 തീയതി സർക്കാരിൽ നല്കിയ പ്രൊപ്പോസൽ
2. 06.06.2022 ൽ കേരളാ സംസ്ഥാന ശിശുക്ഷേമ സമിതിയുമായി നടന്ന മീറ്റിംഗ് മിനിറ്റ്സ്
3. കണ്ണൂർ പ്രോഗ്രാം ഓഫീസറുടെ 30.08.2022 ലെ പി.ഒ/കെ.എൻ.ആർ/ബി-2867/20 നമ്പർ കത്ത്

**ഉത്തരവ് നം. ICDS.B.8/1155/2022 തീയതി: 14-10-2022**

കണ്ണൂര് പിണറായിൽ പ്രവർത്തിച്ചു വരുന്ന അങ്കണവാടി ട്രെയിനിംഗ് സെന്ററിനെ അപ്ഗ്രേഡ് ചെയ്ത് ഒരേ സമയം ഒന്നിലധികം ട്രെയിനിംഗ് നടത്തുവാനും വകുപ്പിന്റെ വിവിധ തരത്തിലുള്ള ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിനുമുള്ള അപ്പെക്സ് ട്രെയിനിംഗ് സെന്റർ ആക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ഇനങ്ങളുടെ PRICE Software ൽ ഉള്ള എസ്റ്റിമേറ്റ് സമർപ്പിയ്ക്കുവാൻ സർക്കാരിൽ നിന്ന് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 06.06.2022 ന് കേരളാ സംസ്ഥാന ശിശുക്ഷേമ സമിതി ജനറൽ സെക്രട്ടറിയുമായി ചേർന്ന് നടത്തിയ മീറ്റിംഗിൽ പരമ്പരാഗത ട്രെയിനിംഗ് സെന്ററുകളിൽ നിന്ന് മാറി എക്സ്റ്റീരിയർ, ഇന്റീരിയർ തലങ്ങളിൽ തീർത്തും മാതൃകാ പരവും ആധുനികവുമായി ട്രെയിനിംഗ് സെന്റർ വിഭാവനം ചെയ്ത് അതിന്റെ ഡിസൈൻ ഉൾപ്പെടെ സർക്കാർ അംഗീകാരത്തിന് സമർപ്പിയ്ക്കണമെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇത്തരത്തിൽ ട്രെയിനിംഗ് സെന്ററിന്റെ ഡിസൈൻ, മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് Kerala Tourism Infrastructure Ltd Managing Director നെ ചുമതലപ്പെടുത്തിയിരുന്നു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി Kerala Tourism Infrastructure Ltd Managing Director റുടെ നിർദ്ദേശാനുസരണം പിണറായി അങ്കണവാടി ട്രെയിനിംഗ് സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലം സർവേ നടത്തിയിട്ടുണ്ടെന്നും സർവേ നടത്തിയതിന് ഫീസ് ആയി 6500/- രൂപ ആയിട്ടുണ്ടെന്നും ടി തുക അനുവദിച്ച് നല്കണമെന്നും പരാമർശം 3 പ്രകാരം കണ്ണൂർ പ്രോഗ്രാം ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്. SIBI Associates തളിപ്പറമ്പ് എന്ന സ്ഥാപനം മുഖാന്തിരം സർവേ നടത്തിയതിന്റെ ബിൽ പകർപ്പും പരാമർശ പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. കണ്ണൂർ പ്രോഗ്രാം ഓഫീസറുടെ കത്ത് പരിശോധിച്ചതിൽ തുക അനുവദിയ്ക്കാവുന്നതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പിണറായി അങ്കണവാടി ട്രെയിനിംഗ് സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലം സർവേ നടത്തിയ ഇനത്തിൽ തളിപ്പറമ്പ് SIBI Associates എന്ന സ്ഥാപനത്തിന് നല്കേണ്ട 6500/- രൂപ കണ്ണൂർ ജില്ലാ വനിതാശിശു വികസന ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു. കണ്ണൂർ ജില്ലാ വനിതാശിശു വികസന ഓഫീസർ ടി തുക കണ്ണൂർ പ്രോഗ്രാം ഓഫീസർക്ക് അനുവദിച്ച് നല്കേണ്ടതാണ്.

ഇതിനാവശ്യമായ തുക **2235-02-001-89 (P)** ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ് .

62386/2022

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ വനിതാശിശു വികസന ഓഫീസർ, കണ്ണൂർ

പ്രോഗ്രാം ഓഫീസർ, കണ്ണൂർ

പകർപ്പ് :

1. സീനിയർ ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട്. എ സെക്ഷൻ (അലോട്ട്മെന്റിന്)
3. സൂപ്രണ്ട്. പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട